**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **24-06-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ സമ്പൂർണ തെരുവ് വിളക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പഞ്ചായത്തിൽ എം.എൽ.എയുടെ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന സമ്പൂർണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പഞ്ചായത്തിൽ എം.എൽ.എ യുടെ മണ്ഡലം ആസ്തി വികസന ഫണ്ട് മുഖേന ലഭിച്ച 1,52,46,373/- രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന സമ്പൂർണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തി 70% പൂർത്തിയാക്കിയിട്ടുണ്ട്. വാർഡ് ഒന്ന് മുതൽ എട്ടുവരെ മുഴവൻ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി ഒൻപത് മുതൽ പതിനാലുവരെയുള്ള വാർഡുകളിലെ പ്രവൃത്തി പകുതിയോളം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. നിർദ്ദിഷ്ട പ്രവൃത്തി നിലവിൽ പുരോഗതിയിലാണ്. മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. നിർദ്ദിഷ്ട പ്രവൃത്തി നിലവിൽ പുരോഗതിയിലാണ്. മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ